# കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത്

# ബഡ്ജറ്റ്

# 2023-2024

# ആമുഖം

2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രധാന പദ്ധതികളിൽ പലതും പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. മുൻവർഷങ്ങളിൽ ഏപ്രിൽ മാസം മുതൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നുവെങ്കിലും പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണ പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ പൂർത്തീകരിച്ച് അവ തദ്ദേശ സ്ഥാപനങ്ങളിൽ എത്തിയത് ഓഗസ്റ്റ് മാസത്തോടെയാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും ഉണ്ടായ കാലതാമസത്തിന് കാരണവും ഇതാണ്. ലഭിക്കുന്ന ഫണ്ടുകളും വിവിധ സ്രോതസ്സുകളിൽ നിന്നും സ്വരൂപിക്കുന്ന ഫണ്ടുകളും ജനോപകാര പ്രദമായ പദ്ധതികളിലൂടെ സാധാരണക്കാരിൽ എത്തിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രത്യേകം ശ്രദ്ധ ചെലുത്തി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങളുടെ പട്ടികയിൽ അഭിമാനമുണ്ട്. നികുതി പിരിവിന്റെ കാര്യത്തിലും പദ്ധതി വിഹിതം ചെലവഴിക്കുന്നതിന്റെ കാര്യത്തിലും ഗ്രാമ പഞ്ചായത്ത് മുന്നിൽ തന്നെയാണ്. ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് ഉപയോഗിച്ച് വരദൂർ പി.എച്ച്.സിയിൽ ആരംഭിച്ച സായാഹ്ന ഒ.പി നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പി.എച്ച്.സിയിൽ അടിസ്ഥാന സൗകര്യവികസനങ്ങളുടെ ഭാഗമായി ആംബുലൻസ് സൗകര്യവും, ലബോറട്ടറി സൗകര്യവും ഒരുക്കിയിട്ടുണ്ട്. പഞ്ചായത്ത് ഓഫീസും ഘടക സ്ഥാപനങ്ങളും പരിശോധിച്ചതിൽ ഹരിത പദ്ധതിയും ബി ഗ്രേഡും ഗ്രാമ പഞ്ചായത്ത് കരസ്ഥമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളിൽ നടവയൽ ആയുർവേദ ആശുപത്രിയും എ-ഗ്രേഡിലാണ്.

കാർഷിക മേഖലയിൽ നെൽകൃഷിക്ക് തന്നെയാണ് പ്രഥമ പരിഗണന നൽകുന്നത്. നാണ്യവിളകൾക്കും പഴവർഗ്ഗകൃഷിക്കും പ്രോത്സാഹനവും ധനസഹായവും നൽകുന്നുണ്ട്. ക്ഷീരകർഷകർക്കും സമാശ്വാസ പദ്ധതികൾ ഉണ്ട്. ഹരിതകർമ്മസേനാ പ്രവർത്തനം മാലിന്യങ്ങൾ സ്വൂരൂപിക്കുന്നതിനും കയറ്റി അയക്കുന്നതിലും ശ്രദ്ധ പുലർത്തുന്നുണ്ട്. വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, വനിതകൾ എന്നിവർക്കും പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർക്കും ക്ഷേമ പദ്ധതികൾ തുടരുന്നുണ്ട്. ഊർജ്ജ സംരക്ഷണ രംഗത്തും, റോഡുകൾ, നടപ്പാതകൾ, കൾവർട്ടുകൾ എന്നിവയുടെ നവീകരണം, നിർമ്മാണം എന്നീ

പ്രവൃത്തികൾക്കും ശ്രദ്ധ കേന്ദ്രീകരിച്ചു വരുന്നതിനോടൊപ്പം റോഡ് സൗന്ദര്യവത്കരണത്തിനും പ്രാധാന്യം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി സ്ത്രീ സംബന്ധമായ അസുഖ നിർണ്ണയ ക്യാമ്പ് എന്ന പേരിൽ പദ്ധതി വിഭാവനം ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ മുഴുവൻ വീടുകളും സന്ദർശനം നടത്തി വിവരശേഖരണം നടത്തുകയും ക്യാമ്പുകളിലൂടെ രോഗ നിർണ്ണയം നടത്തുകയും ചെയ്തു. അടുത്ത മെഗാ ക്യാമ്പിലൂടെ രോഗ നിർണ്ണയം നടത്തി തുടർ ചികിത്സ നടത്തുന്നതിനുള്ള നടപടികൾ നടത്തുകയും ചെയ്തു. വയോജന ചികിത്സയ്ക്കു വേണ്ടി ആവശ്യമായ തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രായാധിക്യം, ഗുരുതരമായ രോഗം തുടങ്ങിയ കാരണങ്ങളാൽ അവശത അനുഭവിക്കുന്ന വ്യക്തികൾക്കുള്ള അനിവാര്യമായ സേവനങ്ങൾ വീട്ടിലെത്തിക്കുക എന്ന ഉദ്ദേശത്തോട് കൂടി **"വാതിൽപ്പടി സേവനം"** എന്ന രീതിയിൽ അഞ്ച് സേവനങ്ങൾ വീട്ടിലെത്തിക്കുന്നതിനുള്ള ആവശ്യമായ തുക ഈ ബജറ്റിൽ നീക്കിവെച്ചിട്ടുണ്ട്.

ഈ ബഡ്ജറ്റ് ഗ്രാമ പഞ്ചായത്തിലെ എല്ലാ വിഭാഗക്കാർക്കും ഗുണം കിട്ടുന്ന രൂപത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. ബഡ്ജറ്റ് നിർദ്ദേശങ്ങൾ എല്ലാവർക്കും ഗുണപ്രദമാകട്ടെ എന്ന് ആംശംസിക്കുന്നു.

ആശംസകളോടെ,

കമല രാമൻ
പ്രസിഡണ്ട്
കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത്

കണിയാമ്പറ്റ
20.03.2023

# ബഡ്ജറ്റ് 2023-24

ബഹുമാനപ്പെട്ട പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാർ, ഭരണ സമിതി അംഗങ്ങൾ, സെക്രട്ടറി, ജീവനക്കാർ, സ്ഥാപന മേധാവികൾ, പൊതു പ്രവർത്തകർ, മാധ്യമ പ്രവർത്തകർ, എല്ലാവർക്കും നമസ്കാരം

ഏറെ അഭിമാനത്തോടെയും സന്തോഷത്തോടെയും കൂടിയാണ് ഈ ഭരണസമിതിയുടെ മൂന്നാമത്തെ ബഡ്ജറ്റ് നിങ്ങളുടെ മുൻപിൽ ഞാൻ അവതരിപ്പിക്കുന്നത്. അഴിമതി രഹിതവും സ്വജനപക്ഷപാതവുമില്ലാത്ത ജനക്ഷേമ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയും നമ്മുടെ മുൻഗാമികൾ കാണിച്ചു തന്ന പാതയിലൂടെ ഈ ഭരണസമിതിയും അതിന്റെ പ്രവർത്തന പന്ഥാവിലൂടെ സധൈര്യം മുന്നോട്ട് പോവുകയാണ്. പരന്ന് കിടക്കുന്ന നെൽവയലുകളാലും ജൈവ വൈവിധ്യം നിറഞ്ഞ കൃഷിയിടങ്ങളാലും സമ്മിശ്രമാണ് നമ്മുടെ ഭൂ പ്രദേശം. വൻകിട എസ്റ്റേറ്റുകളോ വ്യവസായ ശാലകളോ, മാർക്കറ്റുകളോ നമുക്കില്ല. വെള്ളത്തിന്റെ പ്രധാന ഉറവിടം കാരായിപ്പുഴയാണ്. ചെറുകിട നാമമാത്ര കർഷകരും കച്ചവടക്കാരും തൊഴിലാളികളും ഉൾപ്പെടുന്ന ജനവിഭാഗം ഹിന്ദു - മുസ്ലിം - ക്രൈസ്തവ വിഭാഗത്തിൽ പെട്ടവരും വൈഷ്ണവ - ജൈനമതക്കാരും പരസ്പര സ്നേഹ ബഹുമാനങ്ങളോടെ ജീവിച്ചു വരുന്ന നൂറ്റാണ്ടുകളുടെ പാരമ്പര്യവും നമുക്ക് അവകാശപ്പെട്ടതാണ്. പരമ്പരാഗത തൊഴിലാളികളും തൊഴിലിടങ്ങളും നമുക്ക് ദിനം പ്രതി അന്യമാകുമ്പോൾ അവശേഷിക്കുന്ന ചെറുതും വലുതുമായ നമ്മുടെ തൊഴിലിടങ്ങൾ നാൾക്കുനാൾ അതിഥി തൊഴിലാളികൾ കയ്യടക്കുകയാണ്. ഭൂവിസ്തൃതി കുറവും ജനസാന്ദ്രത കൂടുതലുമുള്ള പഞ്ചായത്തിൽ 2011 ലെ സെൻസസ് പ്രകാരം 33956 ജനങ്ങളാണ് ഉള്ളത്. യഥാർത്ഥത്തിൽ ജനസംഖ്യ 42000-ൽ അധികം വരും.

മഹാത്മാഗാന്ധിയുടെ സ്വപ്നമായിരുന്ന ഗ്രാമസ്വരാജ് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങളോടെയാണ് പഞ്ചായത്ത് രാജ് നിയമം പ്രബല്യത്തിൽ വന്നത്. ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിച്ച് ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പദ്ധതികൾ പൊതുജന പങ്കാളിത്വത്തോടെ ഗ്രാമസഭകളിലൂടെ ചർച്ച ചെയ്താണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. നിങ്ങൾ ഒരു പദ്ധതി തയ്യാറാക്കുമ്പോൾ അതിന്റെ ഗുണം ലഭ്യമാകുന്ന അവസാനത്തെ മനുഷ്യനേയും മനസ്സിൽ കാണണമെന്ന് പറഞ്ഞ മഹാത്മാ ഗാന്ധിജിയാണ് നമ്മുടെ മാർഗ്ഗ ദീപം.

പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനങ്ങൾ തന്നെ മുൻപന്തിയിലുണ്ടാകണമെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ള പ്രവർത്തനത്തിലൂടെ ജനമുന്നേറ്റത്തിന് നേതൃത്വം നൽകുന്നതിൽ നമ്മുടെ ഗ്രാമ പഞ്ചായത്തും ജില്ലയിൽ മുൻപന്തിയിലാണ്. പരിമിതമായ വിഭവങ്ങളെ ജനതാൽപര്യമനുസരിച്ച് ജനക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുമെന്ന സമീപനമാണ് ബഡ്ജറ്റ് സ്വീകരിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ 214-ാം വകുപ്പിന്റെ നിർവ്വചന പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചർച്ച ചെയ്ത് തയ്യാറാക്കിയ ബഡ്ജറ്റ് നിർദ്ദേശങ്ങൾ പരിഗണിച്ചാണ് 2023-24 വാർഷിക ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. 18.03.2023 തീയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 27/2023-ാം നമ്പർ തീരുമാനപ്രകാരം ഐക്യകണ്ഠേന അംഗീകരിച്ചു. കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ 2023-24 വർഷത്തേക്കുള്ള ഈ ബഡ്ജറ്റ് എസ്റ്റിമേറ്റ് ചർച്ചയ്ക്കും അംഗീകാരത്തിനുമായി ഭരണസമിതി മുമ്പാകെ സമർപ്പിക്കുകയാണ്.

നവകേരളത്തിന് ജനകീയാസൂത്രണം എന്ന തത്വത്തിൽ ഊന്നിയുള്ള സർക്കാർ തീരുമാനം അനുസരിച്ച് പ്രവർത്തിച്ചു വരുന്ന ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ നാലു മിഷനുകൾക്കും, കോവിഡ് 19 മഹാമാരിയുമായി ബന്ധപ്പെട്ട് കേരള സർക്കാരിന്റെ സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷി വികസനത്തിനും മുൻതൂക്കം നൽകി അവയുമായി സംയോ ജിപ്പിച്ചുകൊണ്ടുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്

# പ്രതീക്ഷിക്കുന്ന വരവുകൾ

## <u>നികുതി ഇനത്തിൽ</u>

ഗ്രാമ പഞ്ചായത്തിൽ നികുതി അടവാക്കി വരുന്ന 10869 വീടുകളും 2816 ഷോപ്പുകളും 14 പെട്ടിക്കടകളും 62ഓഫീസ് കെട്ടിടളും 40 വിദ്യാഭ്യാസ സ്ഥാപനങ്ങളും 901 ക്വാർട്ടേഴ്സുകളും ഹോംസ്റ്റെകളും റിസോട്ടുകളുമായി 6 എണ്ണവും നിലവിൽ നിയമാനുസൃതം പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ നിന്നായി ഒരു കോടി രൂപ വരുമാനമുണ്ട്. നിയമാനുസൃതം നമ്പറില്ലാത്തതും ഗ്രാമ പഞ്ചായത്തിൽ നിന്നും നമ്പർ കിട്ടിയതിനു ശേഷം വലിപ്പം കൂട്ടി പണിത വീടുകളും കെട്ടിടങ്ങളും നിരവധിയാണ്. ഇത്തരത്തിൽ അനധികൃത കെട്ടിടങ്ങൾ നിയമാനുസൃത നികുതി

ചുമത്തി ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ 2023 ഏപ്രിൽ - മെയ് മാസങ്ങളിൽ ക്യാമ്പ് നടത്തി പൂർത്തീകരിക്കുന്നതിനുള്ള തീരുമാനം ഈ ബഡ്ജറ്റിൽ നിർദ്ദേശിക്കുകയാണ്. ഇതിലൂടെ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിനു കഴിയും.

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ളതും വാടകയ്ക്ക് നൽകിയിട്ടുള്ളതുമായ കെട്ടിടങ്ങളുടെ വാടകയിനത്തിൽ 6 ലക്ഷം രൂപയും ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കമ്മ്യൂണിറ്റി ഹാളുകൾ പോലെയുള്ള കെട്ടിടങ്ങൾ വിവാഹം പോലെയുള്ള സ്വകാര്യ ആവശ്യങ്ങൾക്ക് വാടകയ്ക്ക് നൽകുമ്പോൾ ഫീസ് ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതായിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിക്കുന്നതിലൂടെയും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തിയാക്കി കഴിഞ്ഞ കെട്ടിടങ്ങൾ ക്രമവത്കരിച്ച് നമ്പർ അനുവദിക്കുന്നതിലൂടെയും ഫൈൻ ഈടാക്കുന്നതിലൂടെയും 15 ലക്ഷം രൂപ വരവ് പ്രതീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്തിൽ ആകെ 836 കച്ചവട സ്ഥാപനങ്ങൾക്കാണ് നിലവിൽ ലൈസൻസ് ഉള്ളത്. ഒട്ടേറെ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയും പ്രവർത്തിക്കുന്നുണ്ട്. ലൈസൻസ് ഉള്ള സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഇനത്തിലും അനധികൃത സ്ഥാപനങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതിലൂടെയും 10 ലക്ഷം രൂപ വരുമാനം പ്രതീക്ഷിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ ആകെ 836 കച്ചവട സ്ഥാപനങ്ങളും 110 സർക്കാർ - സർക്കാറിതര സ്ഥാപനങ്ങളും നിലവിലുണ്ട്. കച്ചവട സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും സർക്കാർ - അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ട്. ഏറ്റവും കുറഞ്ഞ തൊഴിൽ നികുതി 240 രൂപയും കൂടിയ തൊഴിൽ നികുതി 2500/- രൂപയുമാണ്. വരുമാനമനുസരിച്ച് തൊഴിൽ നികുതി ഉദ്യോഗസ്ഥൻമാരിൽ നിന്നെങ്കിലും ഈടാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യവും അനിവാര്യതയുമാണ് എങ്കിലും ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്ര സർക്കാറാണ്. ഇതിലൂടെ 28 ലക്ഷം രൂപ വരുമാനം പ്രതീക്ഷിക്കുകയാണ്. പഞ്ചായത്തിലെ വിവാഹ രജിസ്ട്രേഷൻ, യഥാസമയം നികുതി അടവാക്കത്തതിലൂടെ ചുമത്തുന്ന ഫൈൻ, മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നതിലൂടെ ചുമത്തുന്ന ഫൈൻ, വിവിധ നിക്ഷേപങ്ങൾക്കുള്ള പലിശ ഇനത്തിലും മറ്റു വിവിധങ്ങളായ ഫീസുകളിലൂടെയും, ഗ്രാമ പഞ്ചായത്തിന്റെ സ്റ്റേഡിയങ്ങൾ നവീകരിച്ച് ക്ലബ്ബുകൾക്കും സംഘടനകൾക്കും

വിവിധ മത്സരങ്ങൾ നടത്തുന്നതിനായി വിട്ടു നൽകുന്നതിലൂടെയും 25 ലക്ഷം രൂപ വരുമാനം പ്രതീക്ഷിക്കുന്നു.

## നികുതിയേതരം

## ഗ്രാന്റുകൾ

കേന്ദ്ര-കേരള സർക്കാറുകളിൽ നിന്ന് ലഭിക്കുന്ന വിവിധ ഗ്രാന്റുകൾ, എം.എൽ.എ ഫണ്ട്, എം.പി ഫണ്ട്, സി.എസ്.ആർ ഫണ്ടുകൾ, കോർപ്പസ് ഫണ്ടുകൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വിനിയോഗത്തിനായി ലഭിക്കുന്ന 10 കോടി രൂപയും കമ്പളക്കാട് ടൗണിൽ ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനായി കേരള അർബൺ & റൂറൽ ഡവലപ്മെന്റ് ഫിനാൻസ് കോ-ഓപ്പറേഷൻ ലിമിറ്റഡിൽ നിന്നും വായ്പ ഇനത്തിൽ ലഭിക്കുന്ന 2.5 കോടി രൂപയും വിവിധ ഡെപ്പോസിറ്റ് ഇനത്തിലും കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ ഗ്രാമപഞ്ചായത്തിൽ മുതൽകൂട്ടുന്നതിലൂടെ ലഭ്യമാകുന്ന 6 ലക്ഷം രൂപയും ഉൾപ്പടെ 51 കോടി രൂപ പ്രതീക്ഷിക്കുന്നു.

## പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധി

നമ്മുടെ ഗ്രാമപഞ്ചായത്തിൽ നൂറുകണക്കിനാളുകൾ വിവിധ തരത്തിലുള്ള രോഗങ്ങളാൽ വലഞ്ഞ് ചികിത്സയ്ക്ക് പണം കണ്ടെത്താനകാതെ സാമ്പത്തിക പ്രയാസം അനുഭവിച്ച് വരുന്നുണ്ട്. ഇത്തരത്തിലുള്ള ആളുകളെ വിവിധ ചാരിറ്റി സംഘടനകളും വിവിധ സ്ഥാപനങ്ങളും ചികിത്സയ്ക്കും നിത്യവൃത്തിക്കുമായി സഹായിച്ചു വരുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഈ ആവശ്യവുമായി വരുന്ന കൂലിപ്പണിക്കാരും സാധാരണക്കാരുമായ ആളുകളുടെ മുഖം കണ്ടില്ലെന്ന് നടിക്കാൻ നമുക്ക് സാധ്യമല്ല. ഏറെ പ്രതീക്ഷയുമായി നമ്മുടെ ഗ്രാമപഞ്ചായത്തിൽ എത്തുന്ന ഇത്തരത്തിലുള്ള ആളുകളെ സഹായിക്കുന്നതിനായി പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിക്കുന്ന വരുമാനം ഗണ്യമായി വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. വിവാഹ രജിസ്ട്രേഷനു പഞ്ചായത്തിൽ വരുന്നവരിൽ നിന്ന് സ്വമേധയാ സംഭാവന സ്വീകരിച്ചും മനുഷ്യ സ്നേഹികളായ സുമനസ്സുകളിൽ നിന്നുള്ള സഹായ ഹസ്തം ലഭ്യമാകുന്നതിലൂടെയും 10 ലക്ഷം രൂപ പ്രതിവർഷം പ്രതീക്ഷിക്കുന്നു,

## തനത് വിഭവങ്ങൾ - പൊതു ആസ്തികൾ

കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത് മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് ജൈവ സമ്പുഷ്ടമാണ്. ഗ്രാമപഞ്ചായത്തിലൂടെ കടന്ന് പോകുന്ന കാരായിപ്പുഴയാണ് പ്രധാന ജലസ്രോതസ്സ്. വലിയ കുന്നുകളും മലകളും ഇല്ലാത്തതിനാൽ കൃഷിക്ക് അനുയോജ്യമായ പ്രദേശമാണുള്ളത്. പ്രധാനപ്പെട്ട വിളകൾ നെല്ല്, കവുങ്ങ്, തെങ്ങ്, വാഴ, മരച്ചീനി, കാപ്പി, കുരുമുളക് തുടങ്ങിയവയും പച്ചക്കറി കൃഷിയുമാണ്. വ്യവസായ സ്ഥാപനങ്ങൾ തുലോം കുറവാണ്. മറ്റൊരു പ്രധാനവരുമാന മാർഗ്ഗം ക്ഷീരമേഖലയാണ്. ഏഴോളം ക്ഷീരസംഘങ്ങളിലായി പാൽ വിറ്റ് കർഷകർ ഉപജീവനം നടത്തുന്നു. നമ്മുടെ പഞ്ചായത്ത് വനാതിർത്തി പങ്കിടാത്ത പ്രദേശമായതിനാൽ വന്യജീവി ശല്യം കുറവാണ്. ഇടക്ക് വിരുന്നുകാരായി എത്തുന്ന ആനമാത്രമാണ് ഇതിനൊരു അപവാദം. കാട്ടുപന്നി, മയിൽ തുടങ്ങിയ ക്ഷുദ്ര ജീവികളുടെ ആക്രമണത്തിൽ പലപ്പോഴും കർഷകർ വിളനാശത്തിലൂടെ ദുരിതം അനുഭവിക്കേണ്ടി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ജനസംഖ്യയിൽ 23 ശതമാനത്തോളം വരുന്ന വിവിധ ഗോത്രവിഭാഗങ്ങളിൽപെട്ട ആദിവാസികളുണ്ട്. ഇവരുടെ ജീവിത രീതികളും ഭക്ഷണക്രമങ്ങളിലും കാലാനുസൃതമായി മാറ്റങ്ങൾ ബഹുഭൂരിപക്ഷത്തിനുണ്ടായിട്ടു ണ്ടെങ്കിലും പാരമ്പര്യ ചികിത്സാ രീതികളും ഭക്ഷണ ശീലങ്ങളും പരമ്പരാഗത ജീവിത രീതിയും പിൻതുടരുന്നവർ ധാരാളമുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, കമ്പളക്കാട് ബസ് സ്റ്റാൻഡ്, കരണിയിലും കമ്പളക്കടിലും മില്ലുമുക്കിലുമുള്ള സ്റ്റേഡിയങ്ങൾ, പകൽ വീടുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ള പൊതുകുളങ്ങൾ, കിണറുകൾ, പമ്പ് ഹൗസുകൾ, കനാലുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുര ശുശ്രൂഷാ കേന്ദ്രങ്ങൾ, മൃഗ ചികിത്സാ കേന്ദ്രങ്ങൾ, സാംസ്കാരിക നിലയങ്ങൾ, വായന ശാലകൾ, യൂത്ത് ക്ലബ്ബുകൾ, റോഡുകൾ, പാലങ്ങൾ, നടപ്പാതകൾ, കൾവർട്ടുകൾ, അംഗൺവാടികൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, തുടങ്ങിയവയാണ് പ്രധാന പൊതു ആസ്തികൾ.

# പ്രതീക്ഷിക്കുന്ന പ്രധാനപ്പെട്ട ചെലവുകൾ

## കാർഷിക - ക്ഷീര മേഖലകൾ

ഒരുകാലത്ത് നമ്മുടെ നെൽവയലുകൾ സമ്പുഷ്ടമായിരുന്നു. നമ്മുടെ ഭക്ഷണത്തിന് ആവശ്യമായ അരിയും മറ്റു ഭക്ഷ്യ വസ്തുക്കളും നാം ഇവിടെ ഉൽപാദിപ്പിച്ചിരുന്നു. കാലം മാറിയപ്പോൾ സമൃദ്ധമായ നെൽവയലുകളിലെ കൃഷി രീതികൾ മാറി വാഴയും കവുങ്ങും തെങ്ങും ചില സ്ഥലങ്ങളിൽ വീടുകളും ബഹനില കെട്ടിടങ്ങളും ഉയർന്ന് വന്നത് നെൽകൃഷി ചെയ്തു വന്നിരുന്ന നെൽപാടങ്ങളുടെ വിസ്തൃതി ഗണ്യമായി കുറയാൻ കാരണമായി. ജലസമ്പത്തിന്റെ അക്ഷയ ഖനികളായിരുന്ന നെൽവയലുകൾ കുറഞ്ഞത് മൂലം ജലക്ഷാമം രൂക്ഷമായതോടൊപ്പം വെള്ളപ്പൊക്ക ഭീഷണി വർദ്ധിക്കുകയും ചെയ്തു. തരിശായി കിടക്കുന്ന നെൽവയലുകളിൽ കൃഷി ഇറക്കുന്നതിന് നെൽകൃഷി പ്രോത്സാഹനത്തിനുമായി നെൽകർഷകർക്ക് കൂലിച്ചിലവ് സബ്സിഡി ഇനത്തിൽ 75 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ നീക്കി വെക്കുന്നു. നെൽകൃഷി ഇറക്കുന്നതിനായി അത്യുൽപാദന ശേഷിയുള്ള വിത്തുകൾ കർഷകർക്ക് നൽകുന്നതിനായി 3 ലക്ഷം രൂപയും നഞ്ചകൃഷിക്ക് ശേഷം വയലുകളിൽ വിതക്കുന്നതിനായി പാടശേഖര സമിതികൾ മുഖേന പയർ വിത്ത് വിതരണത്തിനായി 3 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതുവഴി നെൽവയലുകളിൽ നൈട്രജൻ സമ്പുഷ്ടീകരണം ഉണ്ടാവുകയും ഉൽപ്പാദനക്ഷമത കൂടുകയും ചെയ്യും. നെൽവയലുകളിൽ നിലവിലുള്ള മണ്ണിന്റെ അമ്ലാംശം ഉയർന്ന തോതിലായതിനാൽ ഇത് കുറച്ച്കൊണ്ടുവന്ന് മണ്ണിന്റെ പി.എച്ച് മൂല്യം ന്യൂട്രൽ ആക്കുന്നതിനു വേണ്ടി നീറ്റുകക്ക, കുമ്മായം എന്നിവ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 3 ലക്ഷം രൂപയും ഈ ബഡ്ജറ്റിൽ നീക്കി വെക്കുന്നു. അത്യുൽപാദന ശേഷിയുള്ള ജാതി, ഗ്രാമ്പു ബഡ് തൈകൾ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 6 ലക്ഷം രൂപ നീക്കി വെക്കുന്നു. കാർഷിക മേഖല തകർന്ന് അടിഞ്ഞ കാലഘട്ടത്തിൽ നമ്മുടെ സമ്പത്ഘടനയെ താങ്ങി നിർത്തിയത് ക്ഷീര മേഖലയായിരുന്നു. വർദ്ധിച്ചു വരുന്ന ഉൽപ്പാദന ചിലവും പാലിന്റെ വിലയില്ലായ്മയും മൂലം ക്ഷീര കർഷകർ പ്രതിസനന്ധി നേരിടുകയാണ്. ഈ മേഖലയിൽ കർഷകരെ പിടിച്ചു നിർത്തുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ക്ഷീര കർഷകർക്ക് പാൽ സബ്സിഡി ഇനത്തിൽ 55 ലക്ഷം

രൂപയും കന്നുകുട്ടി പരിപാലനത്തിനായി 12 ലക്ഷം രൂപയും വേനൽകാലത്ത് കാലിത്തീറ്റ ക്ഷാമം പരിഹരിക്കുന്നതിനായി ചോളത്തിന് സബ്സിഡി നൽകുന്നതിനായി 3 ലക്ഷം രൂപയും മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മൃഗാശുപത്രികളിൽ മരുന്ന് വാങ്ങുന്നതിനുമായി 20 ലക്ഷം രൂപയും ഉൾപ്പടെ 9050000/- രൂപയും ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു. പോഷകാഹാര കുറവും രോഗം മൂലവും തളർന്ന് വീഴുന്ന പശുക്കളെ സംരക്ഷിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള 3 മൃഗാശുപത്രികൾക്കും കൗ ലിഫ്റ്റ് നൽകുന്ന പ്രവർത്തങ്ങൾ അവസാനഘട്ടത്തിലാണ്. മോണ്ടലിസ ഇന്ത്യ ഫുഡ് പ്രൈ.ലിമിറ്റഡിന്റെ സഹായത്തോടെ നമ്മുടെ ഗ്രാമ പഞ്ചായത്തിനെ കൊക്കോ ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനായി മോണ്ടലിസ ഇന്ത്യ ഫുഡ് പ്രൈ.ലിമിറ്റഡിന്റെ കൊക്കോ തൈകളും, അത്യുൽപാദന ശേഷിയുള്ള ഫലവൃക്ഷ തൈകളും കർഷകർക്ക് നൽകുന്നതിനുള്ള യോജിച്ച പദ്ധതികളും ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നു. പുതിയ തലമുറയ്ക്ക് കൃഷിയുടെ ബാലപാഠങ്ങൾ നൽകുന്നതിനായി സ്കൂളുകൾക്ക് പച്ചക്കറി തോട്ടം നിർമ്മിക്കുന്നതിനായി ഒരു ലക്ഷം രൂപയും വകയിരുത്തുന്നു. ചെറുകിട മത്സ്യ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കുളങ്ങളിലും പടുതാകുളത്തിലും മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്നവർക്ക് മത്സ്യ തീറ്റ നൽകുന്നതിനും മറ്റുമായി ഒരു ലക്ഷം രൂപ നീക്കി വെക്കുന്നു.

## സ്നേഹ പരിചരണം

ഗ്രാമ പഞ്ചായത്തിന്റെ പെയിൻ & പാലിയേറ്റീവ് പ്രവർത്തനം ഏറെ മാതൃകാപരമായി മുന്നോട്ട് പോകുകയാണ്. പരിചരണം ആവശ്യമുള്ള 360 രോഗികൾ ഉണ്ട്. ഇതിൽ തന്നെ 80 -ഓളം കിടപ്പ് രോഗികളാണ്. സാമ്പത്തികമായി വളരേയേറെ പ്രയാസം അനുഭവിക്കുന്ന കിടപ്പു രോഗികൾക്കായി പോഷകാഹാര കിറ്റ് നൽകുന്നതിനായി 3ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നല്ല മനസ്സിന് ഉടമകളായ നിരവധി സംഘടനകളുടേയും സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും സഹായങ്ങൾ പഞ്ചായത്തിൽ വിവിധ പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ലഭ്യമായി വരുന്നുണ്ട്. പൊതു സമൂഹത്തിന്റെ ശ്രദ്ധ ആവശ്യമായി വരുന്ന ഇത്തരക്കാരെ ചേർത്തു നിർത്തുന്നതിനായി പാലിയേറ്റീവ് ഡേ വിപുലമായും ഉത്സവാന്തരീക്ഷത്തിലും

നടത്തുന്നതിനും ഏകാന്തതകളിൽ വീണു പോയ ഇവരെ ചേർത്തു നിർത്തുന്നതിനുമായി "**സ്നേഹ സ്പർശം**" എന്ന പേരിൽ പാലിയേറ്റീവ് ഡേ ആഘോഷത്തിനായി ഒരു ലക്ഷം രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു. ജീവിത രീതികളും കാലാവസ്ഥാ വ്യതിയാനവും നമ്മുടെ ജീവിതത്തിന്റെ താളം തെറ്റിക്കുകയാണ്. ജീവിത ശൈലീ രോഗങ്ങളും മാരക രോഗങ്ങളും അനുദിനം വർദ്ധിച്ചു വരുന്നത് മാനവരാശിക്കു ഭീഷണിയാണ്. അന്തരീക്ഷ മലിനീകരണം വ്യാപിക്കുന്നത് വഴി പ്രായവ്യത്യാസമില്ലാതെ സ്വാഭാവിക ഓക്സിജൻ ശരീരത്തിന് ലഭിക്കാതെ പ്രയാസപ്പെടുകയാണ്. നിലവിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് നൽകിയിട്ടുള്ള ഓക്സിജൻ കോൺസന്റേറ്റർ, സെമി ഫോൾസിംഗ് കോട്ട് എന്നിവയ്ക്ക് പുറമെ ആവശ്യമാണെങ്കിൽ കൂടുതൽ വാങ്ങുന്നതിനും വയോജന ക്ഷേമം ഉൾപ്പടെയുള്ള പദ്ധതികൾക്കായി 50 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ നീക്കി വെക്കുന്നു.

## എല്ലാവർക്കും വീട്

തല ചായ്ച്ച് കിടന്നുറങ്ങാൻ സ്വന്തമായി വീട് എന്നുള്ളത് എല്ലാവരുടേയും സ്വപ്നമാണ്. ആ സ്വപ്ന സാക്ഷാത്കാരത്തിന് അപേക്ഷ നൽകി കാത്തിരിക്കുന്നവർ നമ്മുടെ പഞ്ചായത്തിൽ 811 പേരാണ്. നിലവിൽ കേരള സർക്കാർ നടപ്പാക്കുന്ന ലൈഫ് ഭവന പദ്ധതി പ്രകാരം നാളിതു വരെ 316 വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. എസ്.സി - എസ്.ടി അഡീഷണൽ ലിസ്റ്റിൽ നിന്നും തിരെഞ്ഞെടുത്ത 109 ഗുണഭോക്താക്കളുടെ വീടുപണി അവസാന ഘട്ടത്തിലാണ്. പി.എം.എ.വൈ പദ്ധതി പ്രകാരം 80 ഗുണഭോക്താക്കളുടെ വീടുപണിയും പൂർത്തീകരണ ഘട്ടത്തിലാണ്. ഗ്രാമ പഞ്ചായത്തിന്റെ ഭൂരഹിത ലിസ്റ്റിലുള്ളത് 601 ഗുണഭോക്താക്കളാണ്. നിലവിൽ അപേക്ഷ നൽകി കാത്തിരിക്കുന്ന ഭൂരഹിത ഭവന രഹിതരുടെ സ്വന്തമായി വീടെന്ന സ്വപ്നം പൂവണിയുന്നതിന് വിവിധ ഏജൻസികളിൽ നിന്നായി ഏകദേശം 50 കോടിയോളം രൂപ ലഭ്യമാകേണ്ടതായിട്ടുണ്ട്. അനധിവിദൂരമല്ലാത്ത ഭാവിയിൽ വീടെന്ന സ്വപ്ന സാക്ഷാത്കാരം ഉണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. ലൈഫ് ഭവന പദ്ധതിയുടെ തിരിച്ചടവ്, പി.എം.എ.വൈ പദ്ധതി, ലൈഫ് ഭവന പദ്ധതി എന്നിവയ്ക്കായി 1 കോടി 85 ലക്ഷം രൂപ വകയിരുത്തുന്നു.

## ശുദ്ധമായ കുടിവെള്ളം

ശുദ്ധമായ കുടിവെള്ളം കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് ഗ്രാമ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും നിലവിൽ വിതരണം ചെയ്ത് വരുന്നുണ്ട്. നിലവിൽ വാട്ടർ അതോറിറ്റിയുടെ 4950 കുടിവെള്ള കണക്ഷനുകൾ പഞ്ചായത്തിലുണ്ട്. ജലനിധിയുടെ ചെറുതും വലുതുമായ ഒട്ടനവധി കുടിള്ള പദ്ധതികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിവിധ കുടിവെള്ള പദ്ധതികളും കിണറുകളും, കുഴൽ കിണറുകളും ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുതകുന്നുണ്ട്. നിലവിലുള്ള ഈ പദ്ധതികൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പരിപൂർണ്ണമല്ല. കേരള-കേന്ദ്ര സർക്കാറുകൾ ഗ്രാമ പഞ്ചായത്തിന്റെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പിനായി കരണി പ്രദേശത്ത് ഗ്രാമ പഞ്ചായത്ത് നൽകിയിരിക്കുന്ന 15 സെന്റ് സ്ഥലത്ത് 7 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്കിന്റെ പണി പൂർത്തിയാകുന്നതോടെ പുതിയതായി 5000-ൽ അധികം കുടിവെള്ള കണക്ഷനുകൾ നൽകുവാനും അതുവഴി പരിപൂർണ്ണ ശുദ്ധ കുടിവെള്ളം വിതരണം ചെയ്യുന്ന ഗ്രാമ പഞ്ചായത്ത് എന്ന നേട്ടം നമുക്ക് സ്വന്തമാകും. കിണറുകൾ നിർമ്മിക്കുന്നതിനും, കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും, ജലജീവൻ മിഷൻ വിഹിതം നൽകുന്നതിനുമായി 45 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തുകയാണ്.

## ആരോഗ്യം - മാലിന്യ സംസ്കരണം

ഗ്രാമ പഞ്ചായത്തിൽ കിടത്തി ചികിത്സാ സൗകര്യമുള്ള ഒരു ആശുപത്രി പോലും സർക്കാർ മേഖലയിൽ നമുക്ക് ഇല്ല എന്നുള്ളത് ഒരു പോരായ്മയായി നിലനിൽക്കുകയാണ്. നമ്മുടെ പ്രധാന ആരോഗ്യ കേന്ദ്രങ്ങൾ നടവയൽ ആയുർവേദ ഡിസ്പെൻസറി, കണിയാമ്പറ്റ ഹോമിയോ ഡിസ്പെൻസറി, വരദൂർ പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവയാണ്. ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതീക സാഹചര്യങ്ങളും ചികിത്സാ രീതികളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രതിജ്ഞാബദ്ധമായ പ്രവർത്തനങ്ങളാണ് ഗ്രാമ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നത്. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളും ബോധവത്കരണ ക്ലാസ്സുകളും ജനകീയ പങ്കാളിത്തത്തോടെ ആരോഗ്യ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നടത്തി വരികയാണ്. ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് വകയിരുത്തി നടത്തി വരുന്ന സായാഹ്ന ഒ.പിയുടെ പ്രവർത്തനങ്ങളും മോണ്ടലിസ് ഇന്ത്യ

ഫുഡ്സ് പ്രൈ.ലിമിറ്റഡിന്റെ 12 ലക്ഷം രൂപ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി ലാബ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കൊച്ചിൻ ഷിപ്പിയാർഡിന്റെയും കൈരളി ടി.എം.ടിയുടേയും സാമ്പത്തിക സഹായത്തോടെ വാങ്ങിയ ആബുലൻസ് ഉപയോഗിച്ച് പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങളും വളരെ നല്ല രീതിയിൽ വരദൂർ പി എച്ച്.സിയിൽ ശ്ലാഘനീയമായ രീതിയിൽ നടന്നു വരികയാണ്. കേരള സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ വരദൂർ പി.എച്ച്.സിയെ എഫ്.എച്ച്,സിയായി ഉയർത്തിയുട്ടെണ്ടെങ്കിലും സ്റ്റാഫ് അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ നമുക്ക് ലഭ്യമായിട്ടില്ല. വരദൂർ പി.എച്ച്.സിയുടേയും സബ് സെന്ററുകളുടേയും ഭൗതീക സാഹചര്യങ്ങൾ ഒരുക്കുന്നതിനും മരുന്ന് ഉൾപ്പടെയുള്ള ആവശ്യങ്ങൾക്കായി 60 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു. ആയുർവേദ ഹോസ്പിറ്റലിലേക്ക് മരുന്നും അടിസ്ഥാന സൗകര്യ വികസനത്തിനുമായി 13 ലക്ഷം രൂപയും ഹോമിയോ ഡിസ്പെൻസറിക്കായി 3 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തുകയാണ്. നമ്മുടെ ആരോഗ്യ കേന്ദ്രങ്ങളെ ജനസൗഹൃദ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടികളും അടുത്ത സാമ്പത്തിക വർഷം മുതൽ ആരംഭിക്കുകയാണ്.

മാലിന്യ സംസ്കരണ രംഗത്ത് ഏറെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഗ്രാമ പഞ്ചായത്തിലെ 11737 വീടുകളിലും കടകളിലും സ്ഥാപനങ്ങളിലും ക്യൂ.ആർ കോഡ് പതിപ്പിക്കുകയും യൂസർഫീ ബുക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ നടന്നു വരികയാണ്. ഹരിതകർമ്മ സേനയിൽ നിലവിൽ 14 അംഗങ്ങളുണ്ട്. കമ്പളക്കാട് ടൗൺ ക്ലീനിംഗ് ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ നിലവിൽ നടന്ന് വരുന്നുണ്ട്. 3 മാസത്തിലൊരിക്കൽ പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്ന് ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിക്കുകയും തരംതിരിച്ച് വർഷത്തിൽ 35 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകി വരുന്നുണ്ട്. യൂസർഫീ ഇനത്തിൽ 15 ലക്ഷം രൂപ നമുക്ക് ലഭിക്കുന്നു. സ്വച്ഛ് ഭാരത് മിഷനിൽ നിന്നും ഗ്രേ വാട്ടർ മാനേജ്മെന്റ് പദ്ധതിക്കായി 2.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പട്ടികവർഗ്ഗ കോളനികളിൽ ശുചിത്വ മേഖലയിൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി തിരുവനന്തപുരം ആസ്ഥാനമായി രൂപീകരിച്ച അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷൻ ഡി.പി.ആർ തയ്യാറാക്കി വരികയാണ്. ഇതിന്റെ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഈ പദ്ധതി മാതൃകാപരമായി കോളനികളിൽ നടപ്പിലാക്കുന്നത് വഴി കോളനികളിൽ ശുചിത്വ സംരക്ഷണം ഉറപ്പാക്കുന്നതിനും ആരോഗ്യ രംഗത്ത് പകർച്ച വ്യാധികളുടെ വ്യാപനം തടയുന്നതിനും ഉൾപ്പെടെയുള്ള നേട്ടങ്ങൾ കൈവരിക്കാൻ കഴിയും.

ഈ പദ്ധതികൾക്കായി 2 കോടി 75 ലക്ഷം രൂപ വകയിരുത്തുകയാണ്.ഹരിതകർമ്മ സേനക്കാർ കളക്ട് ചെയ്യുന്ന അജൈവ മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനും തരംതിരിക്കുന്നതിനുമായി എം.സി.എഫ് കെട്ടിട നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി എം.സി.എഫ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ഇത്വഴി ഹരിത കർമ്മസേനയ്ക്ക് നൂതന തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് മറ്റു വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് ഈ ബഡ്ജറ്റിൽ മുൻതൂക്കം നൽകുന്നു.

## വിദ്യാഭ്യാസം

വിദ്യാഭ്യാസ മേഖലയിൽ ഏറെ ശ്രദ്ധേയമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. സർക്കാർ - എയ്ഡഡ് മേഖലകളിലായി 6 സ്കൂളുകളുമാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നത്. സ്കൂളുകളിലെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെട്ട നിലയിലാണ്. സ്കൂളുകളിൽ ആവശ്യമായ ക്ലാസ് മുറികളും ടോയ്‌ലറ്റ് സൗകര്യങ്ങളും നിലവിലുണ്ട്. ശുദ്ധമായ കുടിവെള്ളം ഉറപ്പ് വരുത്തുന്ന കാര്യത്തിൽ പഞ്ചായത്ത് പ്രഥമ പരിഗണന നൽകിയിട്ടുണ്ട്. പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിനായി വാർഡ് മെമ്പർമാർ, പ്രമോട്ടർമാർ, പൊതുപ്രവർത്തകർ, രക്ഷാകർത്താക്കൾ എന്നിവരെ ഉൾപ്പെടുത്തി വിജിലന്റ് ഗ്രൂപ്പ് ഉണ്ടാക്കുന്നതിന് തീരുമാനമെടുക്കുകയാണ്. പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ യാത്രാ സൗകര്യം ഉറപ്പാക്കുന്നതിനും അതുവഴി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി ഗോത്ര സാരഥി പദ്ധതി പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക വകയിരുത്തുന്നു. കുട്ടികളിൽ വർദ്ധിച്ചു വരുന്ന ലഹരിയുടെ ഉപയോഗം തടയുന്നതിനായി ഗ്രാമ പഞ്ചായത്തും AFPRO- യുമായി ചേർന്ന് "**കവചം**" എന്ന പേരിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് ബിഗ് ക്യാമ്പയ്നിംഗ് ആരംഭിക്കുകയാണ്. ഈ പദ്ധതി സർക്കാർ- എയ്ഡഡ്- അൺ എയ്ഡഡ് സ്കൂളുകൾ കേന്ദ്രീകരിച്ച് അടുത്ത അദ്ധ്യയന വർഷാരംഭം മുതൽ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ട് വെക്കുന്നു. ഇതിന്റെ സുഗഗമായ നടത്തിപ്പിനായി അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാ കർത്താക്കൾ, സാമൂഹ്യ - രാഷ്ട്രീയ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി സന്നദ്ധ സേന രൂപീകരിച്ച് മോണിറ്ററിംഗ് നടത്തുന്നതിനും തീരുമാനിക്കുകയാണ്. വിദ്യാലയങ്ങളിൽ ആവശ്യമായ ഫർണിച്ചറുകൾ, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണം, യൂണിഫോം സ്റ്റിച്ചിംഗ് ചാർജ്ജ് എന്നിവയ്ക്കുമായി ആവശ്യമായ തുകയും വകിയിരുത്തുന്നു. സ്കൂളുകളിൽ

അടുക്കളതോട്ടം, കിന്റർ ഗാർട്ടൺ സ്കൂളുകളിലെ കുട്ടികൾക്ക് ബാഗ്, കുട, യൂണിഫോം എന്നിവയ്ക്കുള്ള തുകയും നീക്കി വെക്കുകയാണ്. ആദിവാസി സമ്പൂർണ്ണ സാക്ഷരതയ്ക്കും ആദിവാസി തുടർ സാക്ഷരതാ പ്രവർത്തനങ്ങളും ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നു. പട്ടികജാതി - പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്, പഠന മുറി എന്നിവയും വരുന്ന സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുകയാണ്. നെല്ലിയമ്പം, കമ്പളക്കാട് സ്കൂളുകൾക്ക് ഗ്രാമ പഞ്ചായത്തിന്റെ വകയായും കണിയാമ്പറ്റ സ്കൂളിന് എസ്.എസ്.കെ വകയിലും കുട്ടികളുടെ മാനസികോല്ലസാത്തിനായി പാർക്ക് ആരംഭിക്കുകയാണ്. ഈ അദ്ധ്യായന വർഷത്തിൽ ചീക്കല്ലൂർ സ്കൂളിനും ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുക നീക്കി വെക്കുന്നു. വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്കായി 76 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തുകയാണ്. സി.എസ്.ആർ ഫണ്ട് കണ്ടെത്തി ആദ്യഘട്ടമെന്ന നിലയിൽ ഗ്രാമ പഞ്ചായത്തിലെ കണിയാമ്പറ്റ , കമ്പളക്കാട് സ്കൂളുകളിലെ മുറ്റം പുല്ല് വിരിച്ച്, പൂച്ചെടികൾ വെച്ച് ആകർഷകമാക്കുന്നതിനുള്ള നടപടികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നു.

## ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമം

സമൂഹത്തിന്റെ സവിശേഷ ശ്രദ്ധയും കരുതലും പരിചരണവും ആവശ്യമുള്ളവരാണ് ഭിന്നശേഷിക്കാർ. ഇവരുടെ ക്ഷേമം ഉറപ്പാക്കുക എന്നത് ഗ്രാമ പഞ്ചായത്തിന്റെ സാമൂഹിക പ്രതിബദ്ധത ഉറപ്പാക്കുന്ന പ്രവൃത്തിയാണ്. ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 25 ലക്ഷം രൂപയും ഭിന്നശേഷിക്കാരുടെ സ്വയം തൊഴിൽ പദ്ധതിക്കായി 3 ലക്ഷം രൂപയും സഹായോപകരണങ്ങൾ നൽകുന്നതിനായി 5 ലക്ഷം രൂപയും ഉൾപ്പടെ കോക്ലിയാർ ഇംപ്ലാന്റേഷൻ നടത്തിയ കുട്ടികളുടെ തുടർ പരിചരണത്തിനുമായി ഒരു ലക്ഷം രൂപയും ജീവനം പദ്ധതികൾക്കായുള്ള ഒരു ലക്ഷം രൂപയും ഉൾപ്പടെ 35 ലക്ഷം രൂപ നീക്കി വെക്കുന്നു.

## വാതിൽപ്പടി സേവനവും ദാരിദ്ര്യ നിർമ്മാർജ്ജനവും

നിരാലംബരും ഒറ്റപ്പെട്ടു കഴിയുന്നവരുമായ ആളുകളെ കണ്ടെത്തി അവശ്യ സേവനങ്ങൾ വീടുകളിലെത്തിച്ചു നൽകുന്നതിനായി 1 ലക്ഷം രൂപ വകയിരുത്തുകയാണ്. കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിൽ അതിദാരിദ്ര്യ സർവ്വേ നടത്തി

കണ്ടെത്തിയ 178 ഗുണഭോക്താക്കളുടെ അടിയന്തിരാവശ്യങ്ങളായ ഭക്ഷണം, മരുന്ന് എന്നിവയ്ക്കായി ഒരു ലക്ഷം രൂപ വകയിരുത്തുകയാണ്. ഇവരുടെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനും വീടും സ്ഥലവുമില്ലാതെ പ്രയാസമനുഭവിക്കുന്നവർക്ക് വീടും സ്ഥലവും ലഭ്യമാക്കുന്നതിനുള്ള തുകയും ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു.

## വയോജനക്ഷേമം

ജിവിതത്തിന്റെ നാൾവഴികളിൽ തങ്ങളുടെ ആരോഗ്യവും സമ്പത്തും കഴിവും സമൂഹത്തിന്റെ വികാസത്തിനായി ഉപയോഗിച്ച വയോജനങ്ങളെ അവരുടെ സായംസന്ധ്യയിൽ ചേർത്ത് പിടിക്കേണ്ടത് നമ്മുടെ ധാർമ്മികമായ ഉത്തരവാദിത്വമാണ്. കാടിനോടും കാട്ട്മൃഗങ്ങളോടും പടവെട്ടി മണ്ണിൽ കനകം വിളയിച്ച് നമ്മുടെ നാടിനെ ആധുനിക രീതിയിൽ പടുത്തുയർത്തിയ പഴയ തലമുറയോട് ആദരവ് നൽകുന്നതിനായി **"വയോഫെസ്റ്റ്"** എന്ന പേരിൽ വയോജന മേള സംഘടിപ്പിക്കുകയാണ്. ഇതിനായി ഒരു ലക്ഷം രൂപ നീക്കി വെക്കുന്നു. സാമൂഹികമായും സാമ്പത്തികയമായും പിന്നോക്കം നിൽക്കുന്ന വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ നൽകുന്നതിന് 3 ലക്ഷം രൂപയും കട്ടിൽ നൽകുന്നതിനുമായി 15 ലക്ഷം രൂപയും, വയോജന ചികിത്സക്കായി 3 ലക്ഷം രൂപയും നീക്കി വെക്കുന്നു. നടവയൽ ആയുർവേദ ആശുപത്രിയുടെ സേവനം കമ്പളക്കാട് ഉൾപ്പടെയുള്ള പ്രദേശങ്ങളിലെ വയോജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി കമ്പളക്കാട് ബസ് സ്റ്റാൻഡ് കേന്ദ്രീകരിച്ച് ആയുർവേദ സബ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ മുന്നോട്ട് വെക്കുകയാണ്. വാർഡുകളിൽ നിലവിലുള്ള വയോജന ക്ലബ്ബുകൾ ശാക്തീകരിച്ച് വയോജന ക്ഷേമം ഉറപ്പാക്കുന്നതിനുള്ള നടപടികൾ അടുത്ത സാമ്പത്തിക വർഷം മുതൽ ആരംഭിക്കുകയാണ്.

## വനിതാ ക്ഷേമം

സ്ത്രീ ശാക്തീകരണവും ദാരിദ്ര്യ നിർമ്മാർജ്ജനവും ലക്ഷ്യമാക്കി നിരവധി പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്ത് നടപ്പാക്കി വരുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ കുടുംബശ്രീ അയൽകൂട്ടങ്ങളും ജെ.എൽ.ജി ഗ്രൂപ്പുകളും നിലവിലുണ്ട്. സ്ത്രീകളുടെ ആരോഗ്യ പരിപാലനത്തിനും ജീവിതശൈലീരോഗങ്ങളിൽ നിന്നുള്ള

ആശ്വാസത്തിനുമായി നടപ്പിലാക്കുന്ന ഷീ ഹെൽത്ത് പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനായി 6 ലക്ഷം രൂപ കൂടി വകയിരുത്തുന്നു. വനിതകൾക്കുള്ള സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനായി സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് 20 ലക്ഷം രൂപയും വകയിരുത്തുകയാണ്. വനിതകളുടെ വിവിധ മേഖലകളിലുള്ള നൈപുണ്യം പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിനായി **"പെൺപോരിമ"** എന്ന പേരിൽ ഗ്രാമ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വനിതാ ദിനമായ മാർച്ച് 8 ന് വനിതാ ഫെസ്റ്റ് നടത്തുന്നതിനുള്ള നിർദ്ദേശം ബഡ്ജറ്റ് മുന്നോട്ട് വെക്കുന്നു. ഇതിന്റെ നടത്തിപ്പിലേക്കായി 2 ലക്ഷം രൂപ വകയിരുത്തുന്നു. വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾക്കുമായി ആകെ 60 ലക്ഷം രൂപ വകയിരുത്തുകയാണ്.

**<u>കുട്ടികളുടെ ക്ഷേമം</u>**

കുട്ടികളുടെ ക്ഷേമം ഉറപ്പാക്കന്നതിനായി അംഗൺവാടികൾ കേന്ദ്രീകരിച്ച് വിപുലമായ മുൻകരുതലുകൾ സ്വീകരിച്ചു വരികയാണ്. കുട്ടികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള പോഷകാഹാര വിതരണത്തിനും അംഗൺവാടി വർക്കർ - ഹെൽപ്പർ തുടങ്ങിയവരുടെ ഹോണറേറിയം നൽകുന്നതിനും ആവശ്യമായ തുക ബഡ്ജറ്റിൽ നീക്കിവെക്കുന്നു. കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിലെ 33 അംഗൺവാടികളുടേയും ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് ഹൈടെക് അംഗൺവാടികളാക്കി മാറ്റുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികൾ ചെയ്ത് വരികയാണ്. 33 അംഗൺവാടികളിലേയും കുട്ടികളുടെ സർഗ്ഗ വാസനകൾ കരുപിടിപ്പിക്കുന്നതിനായി അംഗൺവാടി കലോത്സവം നടത്തുന്നതിനുള്ള നിർദ്ദേശം മുന്നോട്ട് വെക്കുന്നു. ഈ മേഖലയിലെ പ്രവർത്തനങ്ങൾക്കായി 80 ലക്ഷം രൂപ വകയിരുത്തുന്നു. കുടുംബശ്രീയുടെ കീഴിലുള്ള ബാലസഭ, കുട്ടികളുടെ സർഗ്ഗ വാസനകൾ പ്രകടിപ്പിക്കുന്നതിനായി ബാലകലോത്സവം എന്നിവ നടത്തുന്നതിനായി 1 ലക്ഷം രൂപ വകയിരുത്തുന്നു.

## ഘടക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി അടിസ്ഥാന വികസനം നടത്തി ഭൗതീക സാഹചര്യങ്ങൾ ഒരുക്കേണ്ടത് അനിവാര്യമാണ്. ഘടകസ്ഥാപനങ്ങളുടെ അടിസ്ഥാന വികസനത്തിന് കമ്പ്യൂട്ടർ ഉൾപ്പടെയുള്ള അനുബന്ധ ഉപകരങ്ങൾ, ലാപ്ടോപ്പ്, ഫർണ്ണിച്ചറുകൾ എന്നിവ ലഭ്യമാക്കി മെച്ചപ്പെട്ട സേവനം ഉറപ്പ് വരുത്തുന്നതിനായി 15 ലക്ഷം രൂപ നീക്കി വെക്കുന്നു. ഈ മേഖലയിൽ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്നായി അടിസ്ഥാന വികസന രംഗത്ത് 6 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പശ്ചാത്തല മേഖലയിലെ വികസനവും തെരുവ് വിളക്കുകളുടെ പരിപാലനവും

ഗ്രാമ പഞ്ചായത്തിലെ റോഡുകളുടെ നവീകരണത്തിന് എല്ലാ വർഷവും തുക വിനിയോഗിക്കുന്നുണ്ട് എങ്കിലും പശ്ചാതല മേഖലയുടെ സമഗ്ര വികസനത്തിന് ഈ തുക പര്യാപ്തമല്ല. ബഹു.എം.പി-എം.എൽ.എ, കേന്ദ്ര-കേരള സർക്കാറുകളുടേയും, നബാർഡ്, പി.എം.ജി.എസ്.വൈ, കിഫ്ബി, കോർപ്പസ് ഫണ്ട് ഉൾപ്പടെയുള്ള വിവിധ പദ്ധതികളിലൂടെയും എം.എൻ.ആർ.ഇ.ജി.എ പദ്ധതിയിൽ ഉൾപ്പെടുത്തിയും ഗ്രാമ പഞ്ചായത്തിൽ പശ്ചാതല മേഖലയുടെ വികസനം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ ഭരണസമിതി നടത്തി വരുന്നുണ്ട്. റോഡുകളുടെ സംരക്ഷണത്തിന് ആവശ്യമായ തോതിൽ ഡ്രൈനേജുകൾ ഉൾപ്പടെയുള്ള നിർമ്മാണ പ്രവർത്തികൾ നടന്നു വരികയാണ്. നിലവിലുള്ള റോഡുകളുടെ നവീകരണത്തിനായി ഒരു കോടി രൂപ റോഡ് മെയിന്റനൻസ് ഇനത്തിൽ നീക്കി വെക്കുന്നു. ഗ്രാമീണ റോഡുകളുടേയും നടപ്പാതകളുടേയും നവീകരണത്തിനായി 2 കോടി രൂപയും ആദിവാസി കോളനികളിലെ നടപ്പാതയുടെ നവീകരണത്തിനായി കോർപ്പസ് ഫണ്ട് ഉൾപ്പടെ 75 ലക്ഷം രൂപയും വകയിരുത്തുകയാണ്. ഈ പദ്ധതികൾക്കു പുറമേ ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളുടേയും പ്രധാനപ്പെട്ട ഒരു റോഡ് നവീകരിക്കുന്നതിനായി നബാർഡുമായി ചേർന്ന് ഒരു കമ്പയിൻ പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനും ഈ ഇനത്തിൽ അടുത്ത സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് 75 ലക്ഷം രൂപ ഉൾപ്പടെ 3 കോടി 75 ലക്ഷം രൂപയുടെ നവീകരണ പ്രവർത്തികൾക്കായി തുക വിനിയോഗിക്കുകയാണ്. ഈ

ആവശ്യത്തിലേക്കായി തനത് ഫണ്ടിന്റെ വർദ്ധനവിനായി അനധികൃത നിർമ്മാണ പ്രവർത്തികൾ ക്രമവത്കരിക്കുന്നതിലൂടെയും കരാർ കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നുമായി ഫൈൻ ഈടാക്കുന്നത് ഉൾപ്പടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ച് തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ കണക്കുകൾ പ്രകാരം 32021 മീറ്റർ മൺറോഡും 9350 മീറ്റർ മെറ്റൽ റോഡും 91070 മീറ്റർ ടാർ റോഡ് 37240 മീറ്റർ കോൺക്രീറ്റ് റോഡും 7600 മീറ്റർ നടപ്പാതയും 1200 മീറ്റർ ഇന്റർലോക്ക് നടപ്പാതയുമുണ്ട്. കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ ആസ്ഥാനമായ കണിയാമ്പറ്റയുടെ സമഗ്രവികസനത്തിന് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് ഒരു പ്രോജക്ട് ബഹുമാനപ്പെട്ട എം.എൽ. എ മുഖാന്തിരം സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം ഈ ബഡ്ജറ്റ് മുന്നോട്ട് വെക്കുന്നു. ഗ്രാമ പഞ്ചായത്തിലെ റോഡുകളുടേയും കെട്ടിടങ്ങളുടേയും നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി 5 കോടി രൂപ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയാണ്. ഗ്രാമ പഞ്ചായത്തിലെ പ്രധാന ടൗണുകളിൽ ഹൈമാസ്റ്റ് - ലോമാസ്റ്റ് ലൈറ്റുകളും സ്ട്രീറ്റ് ലൈറ്റുകളും നിലവിലുണ്ട്. നടപ്പു സാമ്പത്തിക വർഷം രണ്ടാം ഘട്ട സ്ട്രീറ്റ് ലൈറ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി അവസാന ഘട്ടത്തിലാണ്. കേരള സർക്കാറിന്റെ നിലാവ് പദ്ധതി ഉൾപ്പടെയുള്ള ആവശ്യങ്ങൾക്കും കേടായ സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിലേക്കുമായി 10 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ നീക്കി വെക്കുന്നു. കെ.എസ്.ഇ.ബിയുമായി സഹകരിച്ച് എല്ലാ വാർഡുകളിലും ഒരു കിലോമീറ്റർ നീളത്തിൽ സ്ട്രീറ്റ്മെയിൻ വലിക്കുന്നതിന് നടപ്പു സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടുണ്ടെങ്കിലും ഇത് അപര്യാപ്തമാണ്. ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും ഓരോ റോഡുകളിൽ കൂടി ഒരു കി.മീ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനായി 25 ലക്ഷം രൂപ വകയിരുത്തുകയാണ്. ഇതൊടൊപ്പം തന്നെ ഗ്രാമ പഞ്ചായത്തിലെ പ്രധാന പട്ടിക വർഗ്ഗ കോളനികളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് ലൈറ്റ് സ്ഥാപിക്കുന്നതിനായി സി.എസ്.ആർ ഫണ്ട് കണ്ടെത്താനുള്ള നിർദ്ദേശവും മുന്നോട്ട് വെക്കുകയാണ്.

## യുവജന ക്ഷേമം, കലാ - കായികം

മനുഷ്യ വിഭവശേഷിയും കഴിവുറ്റ യുവത്വവുമാണ് കേരളത്തിന്റെ സമ്പത്ഘടനയുടെ നട്ടെല്ല്. പുതിയ തലമുറ വല്ലാതെ വഴിതെറ്റി പോകുന്നുവെന്ന ചിന്ത സമൂഹ മനഃസാക്ഷിക്കു മുമ്പിൽ വലിയ ചോദ്യം ഉയർത്തുകയാണ്. യുവതയെ

തിരിച്ചു പിടിക്കുകയെന്ന ലക്ഷ്യത്തോടെ നമ്മുടെ 3 സ്റ്റേഡിയങ്ങളും അടിയന്തിര പ്രാധാന്യത്തോടെ നവീകരിച്ച് ട്രയിനിംഗ് സെന്ററായി ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയാണ്. ഇതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി വിവിധ ഫണ്ടുകൾ ഏകോപിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നു. തൊഴിലുറപ്പ്, സി.എസ്.ആർ, കേരള-കേന്ദ്ര സർക്കാർ ഫണ്ടുകൾ അഭ്യുദയകാംക്ഷികൾ എന്നിവരുടെ സഹായത്താലാണ് ഈ ലക്ഷ്യപ്രാപ്തിക്കായി ശ്രമിക്കുന്നത്. യുവതയുടെ കലാകായിക ശേഷികൾ പ്രകടമാക്കുന്ന കേരളോത്സവം കണിയാമ്പറ്റയുടെ യുവജന മാമാങ്കമാക്കി മാറ്റുന്നതിനായി **"യുവഭേരി"** എന്ന പേരിൽ കേരളോത്സവം നടത്തുകയാണ്. ഇതിനായി 2 ലക്ഷം രൂപ നീക്കി വെക്കുന്നു. മാറ്റത്തിന്റെ പാതയിൽ അതിവേഗം കുതിക്കുന്ന ലോകത്തോട് ചേർന്ന് നിൽക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം പൈലറ്റ് പ്രോജക്ടായി ഒരു ലൈബ്രറി ഡിജിറ്റലൈസേഷൻ നടത്തുകയാണ്. ഈ പാതയിലൂടെ കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിലെ അവശേഷിക്കുന്ന ലൈബ്രറികൾ ഡിജിറ്റലൈസേഷൻ നടത്തുന്നതിനായി 3 ലക്ഷം രൂപ വകയിരുത്തുന്നു.

## പട്ടികജാതി വികസനം

ഗ്രാമപഞ്ചായത്തിന്റെ ആകെ 950 പട്ടികജാതി വിഭാഗക്കാരാണ് ഉള്ളത്. ഈ വിഭാഗത്തിലെ കുട്ടികളുടെ പഠനസൗകര്യം ഉയർത്തുന്നതിനായി പഠനമുറി, ലാപ്ടോപ്, ഭവന നിർമ്മാണം, അംഗൺവാടി കുട്ടികൾക്ക് പോഷകാഹാരം എന്നിവയ്ക്കുമായി 24 ലക്ഷം രൂപ ബഡ്ജറ്റിൽ മാറ്റി വെക്കുകയാണ്. താമരക്കൊല്ലി അംഗൺവാടിയോട് ചേർന്ന് പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി നിർമ്മിച്ചിട്ടുള്ള പരിശീലന കേന്ദ്രത്തിൽ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ പദ്ധതിയിൽ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയാണ്.

## പട്ടികവർഗ്ഗ വികസനം

കുറിച്യ - കുറുമ - പണിയ - കാട്ടുനായ്ക്ക വിഭാഗങ്ങളിലെ 122 കോളനികളിലും ഒറ്റപ്പെട്ട വീടുകളിലുമായി 6885 പേരാണ് പട്ടികവർഗ്ഗ വിഭാഗക്കാരായി നമ്മുടെ ഗ്രാമപഞ്ചായത്തിലുള്ളത്. ഇത് നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയുടെ 23 ശതമാനം വരും. പട്ടികവർഗ്ഗ വിഭാഗക്കാർ വിദ്യാഭ്യാസ രംഗത്തും തൊഴിൽ മേഖലയിലും വളരെയേറെ മുന്നോട്ട് പോയിട്ടുണ്ട്. ഇവരിൽ ഭൂരിഭാഗം പേരും അതുവഴി സാമ്പത്തിക

ഭദ്രത നേടിയിട്ടുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിലെ പണിയ, കാട്ടുനായ്ക്ക വിഭാഗക്കാർ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക മേഖലകളിൽ ഇപ്പോഴും പിന്നോക്കാവസ്ഥയിലാണ്. ഇവരുടെ ഉന്നമനത്തിനായി സർക്കാർ വ്യത്യസ്തങ്ങളായ പാക്കേജുകൾ അനുവദിച്ചിട്ടുണ്ട് എങ്കിലും ഇതൊന്നും ഇവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഉതകിയിട്ടില്ല. പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി കുട്ടികൾക്ക് പഠനമുറി, ലാപ്ടോപ്പ്, അംഗൺവാടി പോഷകാഹാരം, വയോജനങ്ങൾക്ക് കട്ടില്, പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾ, കോളനി നവീകരണം, ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങൾക്കായി 1 കോടി 75 ലക്ഷം രൂപ നീക്കി വെക്കുന്നു. പട്ടിക വർഗ്ഗ വിഭാഗക്കാരുടെ പരമ്പരാഗത ആചാര രീതികളും ഗോത്രകലകളും ഭക്ഷണ രീതികളും സർഗ്ഗ ശേഷികളും പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനായി **"ഗോത്രകാന്തി"** എന്ന പേരിൽ ഗോത്രഫെസ്റ്റ് സംഘടിപ്പിക്കുകയാണ്. ഇതിനായി 2 ലക്ഷം രൂപ നീക്കി വെക്കുന്നു.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 7897 തൊഴിൽ കാർഡുകൾ ഗ്രാമ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 148554 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 58227000/- രൂപ ചിലവഴിച്ചിട്ടുണ്ട്, തൊഴിലുറപ്പ് പദ്ധതിയുടെ വ്യത്യസ്ത മേഖലകളിലുള്ള സാധ്യതകൾ ചൂഷണം ചെയ്ത് നമ്മൾ മുന്നോട്ട് പേകേണ്ടിയിരിക്കുന്നു. വ്യക്തിഗത ആനുകൂല്യങ്ങളായ ആട്ടിൻകൂട്, കോഴിക്കൂട്, തൊഴുത്ത്, ജലസേചന കിണർ നിർമ്മാണം, കമ്പോസ്റ്റ് പിറ്റ്, സോക്ക് പിറ്റ്, കുളങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ നടന്ന് വരികയാണ്. വരുന്ന സാമ്പത്തിക വർഷത്തിൽ നിർത്തടാധിഷ്ഠിതമായാണ് തൊഴിലുറപ്പിന്റെ പ്രവർത്തികൾ നടത്തേണ്ടത്. ആയതിലേക്ക് മണ്ണ്, ജലസേചന പ്രവർത്തികൾക്ക് മുൻഗണന നൽകിയ കൃഷിയിടങ്ങളുടെ സംരക്ഷണവും വരുമാനവും ഉറപ്പ് വരുത്തി തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കുന്നതിന് മുൻതൂക്കം നൽകി ഗ്രാമീണ റോഡുകളും നടപ്പാതകളും നവീകരിക്കുന്നതിനും അംഗൺവാടികൾ, സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വർക്ക് ഷെഡ്ഡ്, സ്റ്റേഡിയങ്ങളുടെ നവീകരണം, പനങ്കണ്ടി കുളം നവീകരിച്ച് ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റുന്നത് ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾക്ക്

പ്രാമുഖ്യം നൽകി നടപ്പിലാക്കുന്നതിനായി 10 കോടി രൂപ ഈ മേഖലക്ക് മാറ്റി വെക്കുകയാണ്.

## കുടുംബശ്രീ

കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും സി.ഡി.എസ്സിന്റെ നേതൃത്വത്തിൽ എ.ഡി.എസ് സഹകരണത്തോടെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ മാതൃകാപരമായി നടന്നു വരുന്നുണ്ട്. 437 കുടുംബശ്രീ യൂണിറ്റുകളിലായി 4998 അംഗങ്ങൾ കുടുംബശ്രീയിൽ പ്രവർത്തിച്ചു വരുന്നു. 127 ജെ.എൽ.ജി യൂണിറ്റുകളും 185 എസ്.വി.ഇ.പി സംരംഭകങ്ങളും കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരികയാണ്. പഞ്ചായത്തിലെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ അടുക്കും ചിട്ടയുമാക്കി മാറ്റുന്നത് വഴി അംഗങ്ങൾക്ക് സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികളും നന്നായി മുന്നോട്ട് പോകുകയാണ്. പഞ്ചായത്തിലെ അഗതി ആശ്രയ അംഗങ്ങളുടെ ആവശ്യമനുസരിച്ച് പദ്ധതികൾ തയ്യാറാക്കി കരുതൽ കാണിക്കുന്ന സി.ഡി.എസ് നേതൃത്വം പഞ്ചായത്തിന്റെ ഏറ്റവും വിശ്വസ്തരായ സഹയാത്രികരാണ്.

## മറ്റു വികസന പ്രവർത്തനങ്ങൾ

കമ്പളക്കാട് ടൗണിൽ നമ്മുടെ ഉടമസ്ഥതയിലുള്ള 25 സെന്റ് സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനായി കേരള റൂറൽ & അർബൺ ഡെവലപ്മെന്റ് സൊസൈറ്റിയിൽ നിന്നും വായ്പയെടുത്ത് സാങ്കേതിക തടസ്സങ്ങൾ നീക്കി അടുത്ത സാമ്പത്തിക വർഷാദ്യം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയാണ്. ഇതിനായി 2 കോടി 50 ലക്ഷം രൂപ നീക്കി വെക്കുന്നു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ശ്മശാന ഭൂമിയിൽ ആധുനിക രീതിയിലുള്ള ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തിലെ ജനസാന്ദ്രത ഭൂവിസ്തൃതിയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ ഉയർന്ന നിലയിലാണ് ഉള്ളത്. ആയതിനാൽ തന്നെ ശവസംസ്കാര ചടങ്ങുകൾക്ക് സ്ഥലമില്ലാതെ പ്രയാസമനുഭവിക്കുന്ന ഒട്ടേറെ പേർ നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്. കിഫ്ബിയുമായി ചേർന്ന് ഗ്രാമ പഞ്ചായത്ത് ക്രിമിറ്റോറിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 75 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു.

കമ്പളക്കാട് ടൗണുമായി ചേർന്ന് നിൽക്കുന്ന 5,11,12,13 വാർഡുകളിലെ പൊതു ആവശ്യങ്ങൾക്കും കൂടിച്ചേരലുകൾക്കുമായി പൊതു ഇടം ആവശ്യമാണ്. ആയതിന് കമ്പളക്കാട് ബസ് സ്റ്റാന്റിനു മുകളിൽ ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെ കമ്മ്യൂണിറ്റി ഹാൾ പണിയുന്നതിനായി 30 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു.

വരദൂർ പി.എച്ച്.സിയെ ആധുനിക രീതിയിലുള്ള കിടത്തി ചികിത്സാ കേന്ദ്രമാക്കി ഉയർത്തുന്നതിലേക്കായി പുതിയ കെട്ടിടം നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി ബഹു.എം.പി രാഹുൽ ഗാന്ധി, എം.എൽ.എ അഡ്വ. ടി.സിദ്ധിഖ് എന്നിവരുടെ ഇടപെടലുകളിലൂടെ കേന്ദ്ര - കേരള സർക്കാറുകളിൽ നിന്ന് ആവശ്യമായ തുക കണ്ടെത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി നടത്തുകയാണ്. പനങ്കണ്ടി കുളം നവീകരിച്ച് ബോട്ടിംഗ് ഉൾപ്പടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് പ്രദേശത്തെ ടൂറിസം ഡെസ്റ്റിനേഷനായി ഉയർത്തുന്നതിനായി ടൂറിസം ഡിപ്പാർട്ടുമെന്റുമായി ചേർന്ന് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങളും മുൻപോട്ട് വെക്കുന്നു. ഈ ആവശ്യത്തിലേക്കായി ആവശ്യമായ തുക പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. കിഫ്ബി കൈവശം വെച്ച് വരുന്ന മീനങ്ങാടി - പച്ചിലക്കാട് റോഡിന്റെ വരദൂർ പുഴയ്ക്ക് സമീപമുള്ള പ്രദേശത്ത് സായാഹ്ന നടത്തത്തിനും ഓപ്പൺ ജിം നിർമ്മിക്കുന്നതിനുമുള്ള പ്രോജക്ട് തയ്യാറാക്കി ടൂറിസം ഡിപ്പാർട്ടമെന്റിന്റെ സഹകരണത്തോടെ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങളും മുൻപോട്ട് വെക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ കാർഷികവൃത്തിക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനായി മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് വഴി 1 കോടി 70 ലക്ഷം രൂപ ചിലവാക്കി നടപ്പിലാക്കുന്ന കാവടം - ചിറ്റാലൂർകുന്ന് ജലസേചന പദ്ധതിയുടെ പൂർത്തീകരണം അവസാനഘട്ടത്തിലാണ്. വരദൂർ പുഴയിൽ പാടിക്കര പ്രദേശത്ത് മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കുന്ന വി.സി.ബി കം ട്രാക്ടർ ബേ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലുമാണ്. കൽപ്പറ്റ നിയോജകമണ്ഡലം എം.എൽ.എ അഡ്വ.ടി.സിദ്ധിഖ് അവർകളുടെ നേതൃത്വ മികവിൽ ജനപങ്കാളിത്വത്തോടെ പ്രശ്നപരിഹാരം സാധ്യമാക്കി നടവയൽ - നെല്ലിയമ്പം പ്രദേശത്തെ ജനങ്ങളെ കണിയാമ്പറ്റയുമായി ബന്ധിപ്പിക്കുന്ന ചീക്കല്ലൂർ അപ്രോച്ച് റോഡിന്റെ പണിയും പൂർത്തീകരണ ഘട്ടത്തിലാണ്.

## സദ്ഭരണ പ്രവർത്തികൾ

നമ്മുടെ ഗ്രാമ പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ളതാണ്. വികസന പ്രവർത്തനങ്ങളിലും ഇടപെടലുകളിലും ഈ നിലവാരം കാത്തു സൂക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. വിവിധ ആവശ്യങ്ങൾക്കായി ഓഫീസിൽ എത്തുന്ന പൊതുജനങ്ങൾക്ക് നല്ല സേവനവും പെരുമാറ്റവും ലഭ്യമാക്കുക എന്നത് നമ്മുടെ കടമയാണ്. ഈ കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനായി ജനപ്രതിനിധികൾക്കും ജീവനക്കാർക്കും പെരുമാറ്റ ചട്ടം കൊണ്ടുവരുന്നതിന് മുന്നോടിയായി ജനപ്രതിനിധികളേയും ജീവനക്കാരെയും ഘടക സ്ഥാപനങ്ങളിലെ ജീവനക്കാർക്കുമായി ഏകദിന പരിശീലന പരിപാടി നടത്തുന്നതിനുള്ള നിർദ്ദേശം മുന്നോട്ട് വെക്കുന്നു. പഞ്ചായത്തിൽ എത്തുന്ന ആളുകൾക്ക് സേവനം മുൻഗണനാക്രമത്തിൽ ലഭ്യമാക്കുന്നതിനായി ടോക്കൺ സിസ്റ്റം ഏർപ്പെടുത്തുകയാണ്. ജീവനക്കാർ സമയനിഷ്ഠ പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിലേക്കായി 5 ലക്ഷം രൂപ വകയിരുത്തി ബയോമെട്രിക് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുകയാണ്. പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം, ഭരണസമിതി അംഗങ്ങളുടെ ഹോണറേറിയം, യാത്രാ ബത്ത, സിറ്റിംഗ് ഫീ, ജീവനക്കാരുടെ യാത്രാബത്ത, വൈദ്യുതി ബില്ല്, തെരുവ് വിളക്ക് ചാർജ്ജ്, വെള്ളക്കരം, ഓഫീസ് കണ്ടിൻജെന്റ് ചാർജ്ജ്, ഓഫീസ് പ്രവർത്തനങ്ങൾക്കാവശ്യമായ സ്റ്റേഷനറി, പ്രിന്റിംഗ് ഉൾപ്പടെയുള്ള ചിലവുകൾക്കായി 2 കോടി 50 ലക്ഷം രൂപ നീക്കി വെക്കുന്നു. പഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിനും ആസ്തികൾ സംബന്ധിച്ചുള്ള പൊതുവിവരങ്ങൾ വിരൽ തുമ്പിൽ ലഭ്യമാക്കുന്നതിനുമായി ആസ്തികൾ പരിഷ്കരിച്ച് ഡിജിറ്റലൈസ് ചെയ്യുന്നതിനായി 2 ലക്ഷം രൂപ നീക്കി വെക്കുന്നു. ആസ്തി പരിഷ്കരണം നടപ്പാക്കുന്നതിനായി ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി, എൽ.എസ്.ജി.ഡി, എം.എൻ.ആർ.ഇ.ജി.എ ജീവനക്കാർ, ഘടക സ്ഥാപന മേധാവികൾ എന്നിവരുൾപ്പെട്ട സമിതി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഇതോടൊപ്പം സമർപ്പിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിവിധ വിഷയങ്ങളിൽ ഭരണസമിതിയുടെ ഇടപെടലുകൾ ഉറപ്പ് വരുത്തുന്നതിനായി പരാതി പരിഹാര അദാലത്ത് എല്ലാ മാസവും ചേരുന്നതിനും പൊതുജനങ്ങളുടെ പരാതികൾ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിനുമായി സമിതി രൂപീകരിക്കുകയാണ്. ഈ സമിതിയിൽ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, അസി. സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ എന്നിവർ അംഗങ്ങളായിരിക്കും.

ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്ക് ഇൻഷൂറൻസ് പരിരക്ഷ ഉറപ്പു വരുത്തുന്നതിനായി വിവിധ ഇൻഷൂറൻസ് പദ്ധതികളെ സംയോജിപ്പിച്ച് ഗ്രാമ പഞ്ചായത്തിനെ സമ്പൂർണ്ണ ഇൻഷൂറൻസ് പരിരക്ഷയുള്ള പഞ്ചായത്താക്കി മാറ്റുന്നതിനായി **"ഗ്രാമസൗഖ്യ"** സമ്പൂർണ്ണ ഇൻഷൂറൻസ് പദ്ധതിക്ക് തുടക്കം കുറിക്കുകയാണ്.

സ്ഥലപരിമിതി മൂലം വീർപ്പു മുട്ടുന്ന ഗ്രാമ പഞ്ചായത്തിലെ ഓഫീസ് സൗകര്യംമെച്ചപ്പെടുത്തുന്നതിനായി ഓഫീസിനോട് ചേർന്നുള്ള 30 സെന്റ് സ്ഥലം വിലക്ക് വാങ്ങി ആധുനിക സൗകര്യങ്ങളോട് കൂടിയ ഓഫീസ് കെട്ടിടം പണിയേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഇതിനായി 25 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു. അടുത്ത സാമ്പത്തിക വർഷാരംഭം മുതൽ ഭരണസമിതിയുടെ നേതൃത്വത്തിൽ ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ സമുചിതമായി ആഘോഷിക്കുന്നതിനും ആചരിക്കുന്നതിനും തീരുമാനമെടുക്കുകയാണ്. ഇതിനായി ദേശീയ ദിനാചരണ കലണ്ടറിന് രൂപം കൊടുക്കുകയാണ്.

അശരണരും നിരാലംബരും രോഗികളുമായ സമൂഹത്തിന്റെ സവിശേഷ ശ്രദ്ധ ആവശ്യമായ ആളുകൾക്ക് സഹായങ്ങളും പിന്തുണയും നൽകുന്ന ഒട്ടനവധി നല്ല മനസ്സിനുടമകളായ വ്യക്തികളും സംഘടനകളും നമ്മുടെ പഞ്ചായത്തിലുണ്ട്. ചാരിറ്റി പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ ഒരിടത്ത് കേന്ദ്രീകൃതമാകാതെ വികേന്ദ്രീകരിക്കുന്നതിന് ചാരിറ്റി മേഖലയിലെ നടത്തിപ്പുകാരുടെ കൂടിച്ചേരൽ അനിവാര്യമാണ്. ഇതിനായി ഇവരുടെ കൂട്ടായ്മ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുകയാണ്. കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിലെ വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയവർ, വിശിഷ്ട വ്യക്തിത്വങ്ങൾ, സാമൂഹ്യ - സാംസ്കാരിക രാഷ്ട്രീയ മേഖലയിൽ പ്രഗൽഭർ എന്നിവരെ ആദരിക്കുന്ന **''സ്മരണീയം''** പരിപാടി നടത്തുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുകയാണ്. പദ്ധതികളുടെ ആസൂത്രണവും നടത്തിപ്പും സുതാര്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് ഇക്കാര്യത്തിൽ അവബോധമുണ്ടാക്കുന്നതിനുമായി പദ്ധതികളുടെ ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾക്കായി ഒന്നര ലക്ഷം രൂപ നീക്കി വെക്കുന്നു.

## ഉപസംഹാരം

മഹാത്മാഗാന്ധി പറഞ്ഞത് പോലെ "The future depends on what we do in the present" കാലിക ചുറ്റുപാടിൽ സാമ്പത്തികവും പ്രായോഗികവുമായ പരിമിതികളുടെ നടുവിൽ നിന്നാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പരിമിതമായ വിഭവങ്ങളെ മാർഗ്ഗ രേഖകളിലെ നിർദ്ദേശങ്ങളുടെ അതിർ വരമ്പുകൾ ലംഘിക്കാതെ ജനക്ഷേമ ജനാധിപത്യ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടാണ് മൂലധനങ്ങളുടെ വിനിയോഗം തീരുമാനിച്ചിട്ടുള്ളത്. കാർഷിക ക്ഷീര മേഖലയിൽ പുത്തൻ ഉണർത്തുപാട്ടായും വിദ്യാഭ്യാസ ആരോഗ്യ മേഖലയിൽ സമഗ്ര വികസനം ഉറപ്പ് നൽകിയും നമ്മുടെ ഏറ്റവും വലിയ മൂലധനവും സാമ്പത്തിക ഘടനയുടെ നട്ടെല്ലുമായ ബാല്യ കൗമാര യുവത്വങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ ചേർത്ത് നിർത്തുക എന്ന ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും മൂലധനവും ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ ബഡ്ജറ്റിൽ മുന്നിരിപ്പായി 3835021/- രൂപയും വരവുകളിൽ 447571000 രൂപയും ഉൾപ്പടെ ആകെ 451406021/- രൂപയും വിവിധ മേഖലകളിലെ ചിലവുകൾക്കായി 447789700/- രൂപയും കിഴിച്ച് 3616321/- രൂപ നീക്കിയിരിപ്പുണ്ട്.

മുൻ രാഷ്ട്രപതി അബ്ദുൾകലാം പറഞ്ഞ വാക്കുകൾ പോലെ "നിങ്ങൾ ഒരു പ്രാവിശ്യം കണ്ടാൽ സ്വപ്നം, രണ്ടു പ്രാവിശ്യം കണ്ടാൽ ആഗ്രഹം, പലപ്രാവിശ്യം കണ്ടാൽ ലക്ഷ്യമായിരിക്കണം"എന്ന ചിന്തയിലൂന്നി ഭരണസമിതി അംഗങ്ങൾ കാണുന്ന സ്വപ്നങ്ങളെ പ്രവർ

ത്തന പന്ഥാവിലൂടെ ലക്ഷ്യ സ്ഥാനത്തെത്തിക്കാനുള്ള നിർദ്ദേശങ്ങളും വിഭവങ്ങളും മിശ്രണം ചെയ്ത് ബഡ്ജറ്റിൽ പറഞ്ഞ വാക്കുകളോട് കൂറ് പുലർത്തി പ്രവർത്തിപഥത്തിൽ എത്തിക്കുക എന്ന ഉറച്ച ലക്ഷ്യത്തോടെ ഈ ബഡ്ജറ്റ് ചർച്ചകൾക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

ബിനു ജേക്കബ്
വൈസ് പ്രസിഡണ്ട് & ചെയർമാൻ
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത്

കണിയാമ്പറ്റ
20.03.2023



ശ്രമത്തിലാണ്, ഫലപ്രാപ്തിയിലല്ല സംതൃപ്തി ഉളവാകുന്നത്. സമ്പൂർണ്ണ ശ്രമം സമ്പൂർണ്ണ വിജയമാകുന്നു.

- ഗാന്ധിജി